**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2484** **12-10-2021 - ൽ മറുപടിയ്ക്ക്**

**1000 ഡി. എഫ്. മില്ലുകൾ സ്ഥാപിച്ച് ചകിരി ഉത്പാദനം വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 1000 ഡി. എഫ്. മില്ലുകൾ സ്ഥാപിച്ച് ചകിരി ഉത്പാദനം വർദ്ധിപ്പിക്കുമെന്ന കഴിഞ്ഞ സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | കയർ രണ്ടാം പുനസംഘടനാ പദ്ധതിയിൽ 1000 ഡി.എഫ് മില്ലുകൾ സ്ഥാപിക്കുക എന്നത് പ്രഖ്യാപിതലക്ഷ്യമായിരുന്നു. ഇതിനായി കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ സെൻററുകൾ, സി.പി.സി കൾ എന്നിവയെയാണ് ലക്ഷ്യം വച്ചിരുന്നത്. 90% സബ്സിഡി യിൽ ഇവയ്ക്ക് ഡി.എഫ് മില്ലുകൾ നൽകുന്നതിന് ഉത്തരവായിട്ടു-ള്ളതാണ്. 1000 മില്ലുകൾ പ്രധാനമായും 8000 തൊണ്ട് പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന കപ്പാസിറ്റി ഉള്ളവ ആയിരുന്നു. എന്നാൽ പ്രായോഗിക തലത്തിൽ 8000 മുതൽ 1 ലക്ഷം തൊണ്ട് വരെ ചകിരിയാക്കി മാറ്റാൻ കഴിയുന്ന 128 ഡി.എഫ് മില്ലുകളാണ് 30.09.2021 വരെ സ്ഥാപിക്കാനായത്. ഇതുവഴി പ്രതിവർഷം ചകിരി ഉലാപാദനശേഷി 2015-16 -ൽ 5000 ടണ്ണായിരുന്നത് 2021 സെപ്റ്റംബർ ആയപ്പോഴേക്കും 29000 ടൺ ആയി ഉയർന്നിട്ടുണ്ട്. പ്രതിവർഷ ഉല്പാദശേഷി 480% വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | മേല്പറഞ്ഞ പ്രകാരമുള്ള എത്ര ഡി.എഫ് മില്ലുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കയർ രണ്ടാം പുനസംഘടനാ പദ്ധതിയുടെ ഭാഗമായി 8000 മുതൽ 1 ലക്ഷം തൊണ്ട് വരെ ചകിരിയാക്കി മാറ്റാൻ കഴിയുന്ന 128 ഡി.എഫ് മില്ലുകളാണ് 30.09.2021 വരെ സ്ഥാപിക്കാനായത്. |

സെക്ഷൻ ഓഫീസർ